എ.ഡി.(3) 4904/2014

സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്,
വികാസ് ഭവൻ പി.ഒ,
തിരുവനന്തപുരം, തീയതി. 31.07.2015

## സർക്കുലർ നമ്പർ 1/2015

വിഷയം: സഹകരണ വകുപ്പ് - ആഡിറ്റ് - പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ ആഡിറ്റ് - കുടിശ്ശിക വായ്പ-പലിശ എന്നിവയ്ക്ക് കരുതൽ വയ്ക്കുന്നത്- മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:

1. സഹകരണ ആഡിറ്റ് മാനുവലിലെ അനുബന്ധം 2-ലെ സംശയാസ്പദവും കിട്ടാക്കടവുമായ മുതലുകളുടെ തരം തിരിവുകൾ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 13.02.2006-ലെ 3/2006-ാം നമ്പർ സർക്കുലർ.
3. സഹകരണ സംഘം രജിസ്ട്രാറുടെ 10.12.2007-ലെ 40/2007 നമ്പർ സർക്കുലർ.
4. സഹകരണ സംഘം രജിസ്ട്രാറുടെ 15.07.2015-ലെ എ.ഇ.എൽ/50835/14 നമ്പർ കത്ത്.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ സംശയാസ്പദവും കിട്ടാക്കടവുമായ വായ്പകളുടെ കുടിശ്ശികയുള്ള കാലയളവ്, ജാമ്യത്തിന്റെ സ്വഭാവം എന്നിവ കണക്കിലെടുത്ത് ആഡിറ്റിൽ കരുതലുകൾ വയ്ക്കേണ്ടത് സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രത, വിശ്വാസ്യത എന്നിവ ഉറപ്പിൽ വരുത്തുന്നതിന് അത്യന്താപേക്ഷിതമാണെന്ന് ഭാരതീയ റിസർവ്വ് ബാങ്ക് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള സൂചന (3)-ലെ 40/2007-ാം നമ്പർ സർക്കുലറിലെ മാനദണ്ഡങ്ങൾ പുന:പരിശോധിക്കണമെന്ന് സഹകാരികളും സഹകരണ സംഘങ്ങളുടെ സംഘടനകളും ആവശ്യപ്പെട്ടുണ്ട്. വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ സംഘങ്ങൾ/ബാങ്കുകൾ നൽകിയിട്ടുള്ള വായ്പകളിന്മേൽ തൻവർഷം ലഭിച്ച പലിശയ്ക്ക് പുറമേ തൻവർഷം ലഭിക്കുവാനുള്ള പലിശയും കൂട്ടി അതിൽ നിന്നും മുൻവർഷം ലഭിക്കുവാനുണ്ടായിരുന്ന പലിശ കുറച്ച് ബാക്കി വരുന്ന തുക തൻവർഷത്തെ ലാഭനഷ്ട കണക്കിൽ പലിശ ഇനത്തിലുള്ള വരുമാനമായി കണക്കാക്കുന്ന നിലവിലുള്ള രീതി പുന: പരിശോധിക്കണമെന്നതായിരുന്നു പ്രധാന ആവശ്യം. സ്ഥാപനത്തിന് ലഭിച്ചിട്ടില്ലാത്ത പലിശ വരുമാനമായി ലാഭനഷ്ടകണക്കിൽ ഉൾപ്പെടുത്തുന്നത് കൺസർവേറ്റിസം തത്വത്തിന് എതിരാണെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ സൂചന(3)-ലെ സർക്കുലറിൽ ഭേദഗതി വരുത്തുന്നു. 2014-15 ആഡിറ്റ് വർഷത്തെ ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതു മുതൽ സംഘങ്ങൾ/ബാങ്കുകൾ നൽകിയിട്ടുള്ള വായ്പകളിന്മേൽ അതാതുവർഷം ലഭിക്കുന്ന പലിശ തുക മാത്രം അതാതു വർഷത്തെ പലിശ വരുമാനമായി ലാഭനഷ്ടകണക്കിൽ ഉൾപ്പെടുത്തിയാൽ മതിയാകുന്നതാണ്. സംഘങ്ങൾക്ക്/ബാങ്കുകൾക്ക് ലഭിക്കുവാനുള്ള പലിശ തുക അതാതു വർഷത്തെ ബാക്കിപത്രത്തിൽ ആസ്തിയായും ബാധ്യതയായും വരത്തക്കവിധം കോൺട്രാ എൻട്രിയായി ഉൾപ്പെടുത്തണം. 2014-15 ആഡിറ്റ് വർഷം മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം 10.12.2007-ലെ 40/2007-ാം നമ്പർ സർക്കുലറിലെ കരുതൽ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി താഴെ പറയും പ്രകാരം പുതുക്കി

നിശ്ചയിച്ചിരിക്കുന്നു. 40/2007-ാം നമ്പർ സർക്കുലറിലെ 2-ാമത്തെ വ്യവസ്ഥയായ കുടിശ്ശിക പലിശയ്ക്ക് 100% കരുതൽ വയ്ക്കണമെന്ന വ്യവസ്ഥ പൂർണ്ണമായി ഒഴിവാക്കിയിരിക്കുന്നു.

| | |
|---|---|
| എ) ഒരു വർഷത്തിൽ താഴെയുള്ള കുടിശ്ശിക വായ്പകൾ | ഉത്തമവായ്പകൾ കരുതൽ വയ്ക്കേണ്ടതില്ല. |
| ബി) ഒരു വർഷം മുതൽ 3 വർഷം വരെയുള്ള കുടിശ്ശിക വായ്പകൾ. | |
| ബി(1) വസ്തു ജാമ്യത്തിന്മേലുള്ള വായ്പകൾ | ഉത്തമ വായ്പകൾ കരുതൽ വയ്ക്കേണ്ടതില്ല. |
| ബി2) ആൾ ജാമ്യത്തിൽ മേലുള്ള വായ്പകൾ | കരുതൽ 10% |
| സി) മൂന്ന് വർഷം മുതൽ ആറ് വർഷം വരെയുള്ള കുടിശ്ശിക വായ്പകൾ. | സംശയാസ്പദം |
| സി(1) വസ്തു ജാമ്യത്തിന്മേലുള്ള വായ്പകൾ | കരുതൽ 50% |
| സി(2) ആൾ ജാമ്യത്തിൻ മേലുള്ള വായ്പകൾ | കരുതൽ 100% |
| ഡി) ആറ് വർഷത്തിന്മേലുള്ള കുടിശ്ശിക വായ്പകൾ | കിട്ടാക്കടമായി കണക്കാക്കി 100% കരുതൽ വയ്ക്കേണ്ടതാണ്. |

സ്വർണ്ണ പണയവായ്പകൾ, നിക്ഷേപ ഈടിന്മേൽ ഉള്ള വായ്പകൾ എന്നിവയ്ക്ക് മതിയായ സെക്യൂരിറ്റി ഉണ്ടെങ്കിൽ സുരക്ഷിത വായ്പകളായി കണക്കാക്കി കരുതൽ വയ്ക്കേണ്ടതില്ല.

മേൽ നിർദ്ദേശപ്രകാരമുള്ള തരംതിരിവിന്റെ അടിസ്ഥാനത്തിൽ വിശദമായ വായ്പാ പട്ടിക തയ്യാറാക്കി കരുതൽ വയ്ക്കുന്നതിലേക്ക് ആഡിറ്റർമാർക്ക് സ്ഥാപനങ്ങൾ നൽകേണ്ടതാണ്.

2014-15 വർഷം മുതലുള്ള ആഡിറ്റുകൾക്ക് മേൽ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടായിരിക്കണം റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടത്. ആഡിറ്റ് റിപ്പോർട്ടുകൾ അംഗീകരിക്കുന്ന ഉദ്യോഗസ്ഥൻ ഈ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ഒപ്പ്
വി.സനൽകുമാർ. ഐ.എ.എസ്
സഹകരണ ആഡിറ്റ് ഡയറക്ടർ

1. എല്ലാ ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർമാർ(ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ മുഖേന)
3. എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ മുഖേന)
4. സഹകരണവീഥി
5. സഹകരണ സംഘം രജിസ്ട്രാർ( ആവരണകത്ത് സഹിതം)
6. എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർമാർ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി ഡയറക്ടർ